# സ്കൂൾ പ്രൊഫൈൽ

വിദ്യാലയത്തിന്റെ പേര് : എ.എൽ.പി. എസ്. പന്നൂർ

അഡ്രസ്സ് : കാണിപ്പയ്യൂർ പി.ഒ. 680517

ഫോൺ നമ്പർ : 7907363802

ഇ.മെയിൽ അഡ്രസ്സ് : aidedlps@gmail.com

സ്കൂൾ കോഡ് : 24327

ക്ലാസ്സ് : I - IV

വിദ്യാഭ്യാസ ഉപജില്ല : കുന്നംകുളം

വിദ്യാഭ്യാസ ജില്ല : ചാവക്കാട്

സ്കൂൾ സ്ഥാപിച്ച വർഷം : 1888

റൂറൽ : റൂറൽ

ബ്ലോക്ക് : ചൊവ്വന്നൂർ

താലൂക്ക് : തലപ്പിള്ളി

പഞ്ചായത്ത് : ചൊവ്വന്നൂർ പഞ്ചായത്ത്.

# ആമുഖം

വിദ്യാഭ്യാസം കുട്ടിയുടെ സമഗ്രവികസനത്തിന് വഴികാട്ടിയാകുന്ന ഒരു ശാശ്വത പ്രതിജ്ഞയാണ്. ഓരോ കുട്ടിയുടെയും അറിവ്, കഴിവ്, മൂല്യബോധം, സാമൂഹികബോധം തുടങ്ങിയവ സമന്വയിപ്പിച്ചുള്ള വളർച്ച ലക്ഷ്യമാക്കി നടപ്പിലാക്കപ്പെടുന്നതാണ് വിദ്യാലയങ്ങളിലെ അധ്യാപന പ്രവർത്തനങ്ങൾ. ഈ പ്രവർത്തനങ്ങൾക്ക് ദിശയും ആഴവുമേകുന്നതിന്, ക്രമബദ്ധവും ലക്ഷ്യബോധമുള്ളതുമായ ഒരു പദ്ധതി രൂപം നൽകേണ്ടത് അനിവാര്യമാണ്. അതാണ് സ്കൂൾ അക്കാദമിക് മാസ്റ്റർ. സ്കൂൾ തലത്തിൽ വർഷം തോറും തയ്യാറാക്കപ്പെടുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ, വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും പഠനകാര്യക്ഷമത വർദ്ധിപ്പിക്കാനായി ഏകോപിതമായ ശ്രമമാണ്. പഠനത്തിലെ കുട്ടികളുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ്, അവ അനുസരിച്ച് പഠനപ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും, വിവിധ തലങ്ങളിലെ അധ്യാപന-മൂല്യനിർണയ ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നതിലൂടെ, ഈ പദ്ധതി സ്കൂളിന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സഹായകരമാകുന്നു.

# ലക്ഷ്യങ്ങൾ

വിദ്യാഭ്യാസത്തെ ലക്ഷ്യമാക്കി രൂപകൽപ്പന ചെയ്യുന്ന ഏതൊരു പദ്ധതിയുടെയും മുഖ്യ ഉദ്ദേശ്യം കുട്ടികളുടെ സമഗ്രവികസനമാണ്. സ്കൂളിന്റെ അധ്യയന പ്രവർത്തനങ്ങൾ സമഗ്രപരമായി നടപ്പിലാക്കുന്നതിനും പഠനത്തിലെ നിലവാരം ഉയർത്തുന്നതിനും എല്ലാ കുട്ടികളും തങ്ങളുടെ ശേഷി അനുസരിച്ച് പുരോഗമിക്കേണ്ടതിനും വേണ്ടി തന്നെ അക്കാദമിക മാസ്റ്റർപ്ലാൻ തയാറാക്കപ്പെടുന്നു. ഇത് സ്കൂളിന് ഒരു ദിശാബോധം നൽകുകയും, വാർഷികമായും കാലാനുസൃതമായും പഠനപ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗരേഖകൾ ഒരുക്കുകയും ചെയ്യുന്നു.

വിദ്യാർത്ഥികളുടെ വിജ്ഞാനവികസനത്തിന് പിന്തുണ നൽകുക എന്നതാണ് ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യങ്ങളിൽ ഒന്നായിരിക്കുക. കുട്ടികളുടെ പ്രായയോഗ്യമായ അറിവ്, ചിന്താശേഷി, ആശയവിനിമയ ശേഷി, താത്വികചിന്ത, കഴിവുകളുടെ വിന്യാസം എന്നിവ പ്രോത്സാഹിപ്പിക്കുകയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. പഠനവിഷയങ്ങളിൽ താൽപര്യവും ആത്മവിശ്വാസവും വളർത്തുന്നതിനായി അനുയോജ്യമായ അധ്യയന പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ നടപ്പിലാക്കണം.

പഠനത്തിൽ പിന്നാക്കം കാണിക്കുന്ന കുട്ടികൾക്ക് Remedial Support ഒരുക്കുന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

പഠനബുദ്ധിമുട്ടുകൾ ഉള്ള കുട്ടികൾക്ക് Bridge Course, Focus Group Activity, worksheet, individual Support തുടങ്ങിയ മാർഗങ്ങളിൽ പിന്തുണ നൽകുന്നു. ഓരോ കുട്ടിയും കുറഞ്ഞത് കർമ്മശേഷിയുള്ള പഠനതലത്തിലേയ്ക്ക് എത്തുന്നതാണ് ഉദ്ദേശ്യം.

മൂല്യബോധം, സാമൂഹിക അറിവ്, വ്യക്തിത്വ വികസനം എന്നിവയെക്കുറിച്ചും അക്കാദമിക മാസ്റ്റർ പ്ലാൻ പ്രാധാന്യമർഹിക്കുന്നു. വിദ്യാർത്ഥികളിൽ സഹജീവിതം, പരസ്പരബഹുമാനം, ഉത്തരവാദിത്വബോധം, പരിസ്ഥിതിപാലനം തുടങ്ങിയ സാമൂഹിക മൂല്യങ്ങൾ വളർത്തുന്നതിനുള്ള പ്രവർത്തനങ്ങളും ഇതിലൂടെ പദ്ധതിയിടുന്നു.

പഠനം പരീക്ഷക്കായി മാത്രം ഒതുങ്ങാതെ ജീവിതശൈലിയും അനുഭവങ്ങളും അടിസ്ഥാനമാക്കിയുള്ളതാണ് അടുത്ത ലക്ഷ്യം. project work, discussion, nature walk, art integration, joyful learning, inquiry-based learning മുതലായ മാർഗങ്ങളിൽ പഠനത്തെ കൂടുതൽ ജീവപര്യന്തമാക്കുകയാണ് ഉദ്ദേശ്യം.

അവസാനമായി സ്കൂൾ തലത്തിൽ സ്വയം വിലയിരുത്തലുകൾക്കായും, മുന്നോട്ടിനായി അവശ്യമായ വഴിത്തിരിവുകൾ കണ്ടെത്താനായുള്ള അവസരങ്ങൾ ഒരുക്കുന്നതിന് ഈ പദ്ധതി സഹായിക്കുന്നു. അധ്യാപക സമൂഹത്തെ ഉൾപ്പെടുത്തി ഒരുമിച്ചുള്ള Academic Review, Data Analysis, Planning meetings എന്നിവ സ്കൂളിന്റെ കാര്യക്ഷമതയും ഉന്നതിനിലവാരവും ഉണ്ടാക്കുന്നു.

| ക്രമ നമ്പർ | ലക്ഷ്യം | പദ്ധതിയും പ്രവർത്തനങ്ങളും | കാലം |
|---|---|---|---|
| | * വിദ്യാർത്ഥികളിൽ ഭാഷാശേഷി, വായനാശീലങ്ങൾ, ശബ്ദപരിചയം, സൃഷ്ടിപരമായ എഴുത്ത് എന്നിവ വളർത്തുക. | ചിത്രവായന:- ചിത്രങ്ങൾ കാണിച്ച് പ്രസക്തമായ വാക്കുകൾ കണ്ടെത്തൽ, സന്ദർശനങ്ങൾ, അഭിപ്രായം പങ്കുവെക്കൽ<br>ലഘുചിന്തകൾ പങ്കുവെക്കൽ, പരിചയപ്രവർത്തികങ്ങൾ, വായനാ ആശയവിനിമയ പ്രവർത്തനങ്ങൾ<br>ICT ചിത്രം കാണിക്കുന്നു. | ജൂൺ |
| | * കഥാപഠനം / വായനാശീലം വർധിപ്പിക്കുന്നു. | പത്രവായന (അസംബ്ലി)<br>ചെറുകഥ / കവിതാവായന<br>ഉചിതമായ ശബ്ദത്തിൽ വായിക്കൽ, enactment<br>മൂല്യങ്ങൾ തിരിച്ചറിയൽ<br>വായനാമത്സരം,<br>വിദ്യാരംഗം (വായനാക്ലബ്)<br>പതിപ്പു തയ്യാറാക്കൽ<br>Flash Card വാക്കുകൾ,<br>കഥയെടുക്കൽ<br>"എന്താണ് നടക്കുന്നത്?" എന്ന ചോദ്യങ്ങളിൽ നിന്നും ആശയവികാസം<br>നിഘണ്ടു നിർമ്മാണം<br>ആസ്വാദനകുറിപ്പ് | ജൂലൈ |

| ക്രമ നമ്പർ | ലക്ഷ്യം | പദ്ധതികളും പ്രവർത്തനങ്ങളും | കാലം |
|---|---|---|---|
| | * വാക്കുകൾ തിരിച്ചറിയൽ | ലൈബ്രറി<br>വായനാമൂല<br>ബാലസാഹിത്യകൃതികൾ<br>Flash Card, word Tree<br>പദസൂര്യൻ, സന്ധി<br>സമാസം വിലാസങ്ങൾ | ആഗസ്റ്റ്<br>സെപ്റ്റംബർ |
| | *സംഭാഷണം | കാവ്യപാഠം, അഭിനയം<br>പങ്കുവെക്കൽ, inter<br>view Roleplay,<br>"നിലയത്ത് പറയുമായിരുന്നു" 4 പോലുള്ള<br>ക്ലാസ്സ് ചർച്ചകൾ<br>പാഠത്തിന്റെ സന്ദർഭത്തിൽ പദസൂര്യൻ<br>പദചിത്രങ്ങൾ | ഒക്ടോബർ |
| | * സൃഷ്ടിപരമായ എഴുത്ത് | കഥ എഴുതൽ, പദങ്ങൾ കൊണ്ട് വരികൾ<br>നിർമ്മിക്കൽ, കവിത<br>പൂർത്തീകരിക്കൽ.<br>ചുമർപത്രിക,<br>ജന്മദിന പുസ്തകം<br>കുറിപ്പ് തയ്യാറാക്കൽ<br>പദസമൂഹ നിർമ്മാണം<br>കഥയെഴുത്ത് മത്സരം<br>മാതൃകാവായന | നവംബർ |

| ക്രമ നമ്പർ | ലക്ഷ്യം | പദ്ധതിയും പ്രവർത്തനങ്ങളും | കാലം |
|---|---|---|---|
| | * വാക്യരചന | വാക്യങ്ങൾ പൂർത്തിയാക്കൽ, പദങ്ങളുടെയും വാക്യങ്ങളുടെയും പുനക്രമീകരണം, വാക്യങ്ങൾക്കുള്ള ചിത്രം വരയ്ക്കൽ. | |
| | * ആശയാവതരണത്തിലൂടെ ഭാഷാനുഭവങ്ങൾ ഒരുക്കുക | *എസ്.ആർ.ജി മീറ്റിങ്ങ് *ക്ലസ്റ്റർ പി.ടി.എ * സന്നദ്ധതാപ്രവർത്തനങ്ങൾ, *സംവാദം, തത്വചിന്ത സമാചാരങ്ങൾ *താത്പര്യ പരിശോധന പ്രവർത്തനങ്ങൾ *അഭിപ്രായം രേഖപ്പെടുത്തൽ "എനിക്ക് ഇഷ്ടമായ ഭാഗം" "എന്താണ് പഠിച്ചത്" പോലുള്ള സ്വയം പ്രതികരണങ്ങൾ | ഡിസംബർ |
| | * എല്ലാ കുട്ടികൾക്കും മാതൃഭാഷ മലയാളം ഭംഗിയായി വായിക്കാനും എഴുതാനും സംസാരിക്കാനും ശേഷി വികസിപ്പിക്കൽ | *മലയാളത്തിളക്കം ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ * പ്രീ ടെസ്റ്റ് *പാക്കേജ് തയ്യാറാക്കൽ *പരിശീലനം | |

| ക്രമ നമ്പർ | ലക്ഷ്യം | രീതിയും പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| | പദസമ്പത്ത് വർദ്ധിപ്പിക്കൽ | *അക്ഷരകാർഡ് നൽകൽ<br>* ഉച്ചാരണപരിശീലനം നൽകൽ. ചെറുകവിതകളിലൂടെ ശബ്ദങ്ങൾ അച്ചടക്കം ചെയ്യുക.<br>*വാക്യങ്ങൾ പുനക്രമീകരിക്കൽ<br>* വാക്കുകൾ പൂരിപ്പിക്കൽ<br>* അനുബന്ധ വാക്കുകൾ കണ്ടെത്തൽ<br>* ഫ്ലാഷ് കാർഡുകൾ നിർമിക്കൽ<br>* ചിന്തിപ്പിക്കുന്ന ലഘുവാചകങ്ങൾ നിർമ്മിക്കൽ<br>*ഭാഷാഗെയിമുകൾ<br>* സംഭവ ക്രമീകരണം<br>* ചോദ്യം - ഉത്തരം matching. | ജനുവരി<br>ഫെബ്രുവരി |
| | * വിലയിരുത്തൽ | * Anecdotal Record, Oral questions, Group work, Review, Simple Rubrics<br>* ക്ലാസ് പഠനങ്ങളിലൂടെ മൂല്യങ്ങൾ തിരിച്ചറിയുന്ന പഠനം സംഘടിപ്പിക്കൽ പ്രവർത്തനങ്ങൾ. | മാർച്ച് |

| Objective | Activities | Duration |
|---|---|---|
| To develop listening skills and reading skills | * Games, Conversation, skit, Stories, * Identify the naming words action words from the picture. * Self introduction | June |
| Arrange the words in alphabetical order | * Dictionary * Arranging words from the in alphabetical order from the given words. | June |
| Describe familiar objects orally stating physical attributes such as size, colour etc. | conversation Story. | July. |
| To express the thoughts feelings etc. | * Reads breaking news *Develop story. | August |
| Adds more to conversation suitable | * conversation * Reading - | |

| | | |
|---|---|---|
| to the context | Conversation<br>* Conversation acting with friends | August<br>September |
| To make simple riddles. | * Give children to the oppertunity to hear and answer simple, riddle. | |
| | *Slow learner give oppetunities to express their idea in malayalam. | October |
| Develop creative Speaking & writting | * Make riddles<br>* Read diary<br>* Read letters from friends. | October,<br>November |
| To improve the presentation power. | * Thoughts<br>* Descriptions<br>* Exibition<br>* Quiz. | December. |
| Responds to simple instructions in the classroom | * Picture story<br>*Conversation<br>* roleplay. | |

| | | |
|---|---|---|
| * സംഖ്യാബോധം, സംഖ്യാ വ്യാഖ്യാനം എന്നിവ മനസ്സിലാക്കുന്നതിന് | * ഡൈസ് കളി<br>* ഡൊമിനോ കളി<br>* സ്ഥാനവില പോക്കറ്റ് നിർമ്മാണം.<br>* സംഖ്യാകാർഡുകൾ ഉപയോഗിച്ച് സംഖ്യകൾ ക്രമീകരിക്കുന്നു.<br>* അബാക്കസിൽ സംഖ്യകൾ ക്രമീകരിക്കൽ<br>* സംഖ്യാക്കേളി, സംഖ്യാമാല, പദസൂര്യൻ ഇവയുടെ നിർമ്മാണം. | |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | * ക്ലാസിൽ ഒരു കട/ കച്ചവട കണക്ക്<br>* കളിനോട്ട് ഉപയോഗിച്ചുള്ള കച്ചവട കളികൾ<br>* ഗണിതപ്രശ്നങ്ങൾ- വർക്ക് ഷീറ്റുകൾ<br>* അളവുകൾ, അളവുപകരണങ്ങൾ പരിചയപ്പെടൽ | |
| ഗണിത ചതുഷ്ക്രിയകൾ അനായാസേന കൈകാര്യം ചെയ്യുന്നതിന് | * ICT ഉപയോഗിച്ചുള്ള ഗണിത കേളികൾ<br>* ഉല്ലാസ ഗണിതം - ഗണിത കളികൾ | |

| | | |
|---|---|---|
| | * പപ്പറ്റ് ഷോ<br>* ഗണിത നാടകം | |
| സമയത്തെക്കുറിച്ച് മനസ്സിലാക്കുന്നതിന് | * ക്ലോക്ക് നിർമ്മാണം<br>* സമയചക്രം തയ്യാറാക്കൽ<br>* സമയദൈർഘ്യം കണ്ടെത്തൽ<br>* Am, Pm ഇവ തിരിച്ചറിയൽ<br>* സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ. | |
| ഗണിത ഗ്രന്ഥങ്ങളെക്കുറിച്ചുള്ള തിരിച്ചറിവ് | * ഗണിത പുസ്തകങ്ങൾ ശേഖരണം<br>* ഗണിത ലൈബ്രറി രൂപീകരിക്കൽ<br>* ഗണിത ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടൽ<br>* ഗണിത മാഗസിൻ | |

| | | |
|---|---|---|
| ഗണിത താൽപര്യം ഉണർത്തുന്നതിന് | ★ ഗണിത ഗെയിം കോർണർ<br>★ ഗണിത ക്വിസ്<br>★ മാന്ത്രിക ചതുരം<br>★ കുസൃതി കണക്ക്<br>★ ഗണിത പസിൽസ്<br>★ ജ്യാമിതീയ രൂപങ്ങൾ ഉണ്ടാക്കൽ - വരയ്ക്കൽ<br>★ പാറ്റേണുകൾ - പരിചയപ്പെടൽ<br>★ ഗണിത ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ | |
| കലണ്ടർ നോക്കി തിയതി, ദിവസം, സംഖ്യാബന്ധങ്ങൾ, സംഖ്യാ പാറ്റേൺ എന്നിവ കണ്ടെത്തുന്നതിന് | ★ കലണ്ടർ നിർമ്മാണം<br>★ കലണ്ടറിലെ കളികൾ<br>★ വിവിധ സംഖ്യാ പാറ്റേൺ പൂർത്തിയാക്കൽ<br>★ മാന്ത്രിക ചതുരം തയ്യാറാക്കൽ<br>★ പാറ്റേണുകൾ കണ്ടെത്തൽ<br>★ ഗണിതമേള, ഗണിതോത്സവം | |
| ഗണിത പഠനം രസകരമാക്കുന്നതിന് | ★ ഗണിത ക്യാമ്പ്<br>★ ക്ലാസിൽ ഗണിത ലാബ് ക്രമീകരിക്കൽ | |

| ലക്ഷ്യം | പ്രക്രിയയും പ്രവർത്തനവും | കാലം |
| --- | --- | --- |
| ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പിക്കുന്നതിനും | പ്രീടെസ്റ്റ് 1 മുതൽ 4 വരെ ക്ലാസ്സിലെ ചെറുതും വലുതുമായ പരീക്ഷണങ്ങൾ ചെയ്ത് പരിശീലിക്കൽ, ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ, പരീക്ഷണങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ, മറ്റിവ ഉൾപ്പെടുത്തിയ ലിസ്റ്റ് തയ്യാറാക്കിക്കും വെയ്ക്കുന്നു. പി.ടി.എ മീറ്റിംഗിൽ ശാസ്ത്രമൂല സംബന്ധിച്ച് അവതരണം. രക്ഷിതാക്കളുടെ ശേഖരണം ശാസ്ത്രസാഹിത്യ പുസ്തകങ്ങൾ ക്ലാസ്സ് നിലവാരത്തിനുള്ളത് വാങ്ങിക്കൽ | ജൂൺ ജൂലൈ |
| പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തിയെടുക്കുക | * ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കൽ<br>* പ്രത്യേകതകൾ മനസ്സിലാക്കൽ<br>* ജീവികളുടെ പാരസ്പര്യം ചർച്ച<br>* വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം.<br>* പ്രകൃതിക്ക് ദോഷകരമാകുന്ന മനുഷ്യന്റെ ചില ഇടപെടലു | |

| | | |
|---|---|---|
| | കൾ മനസ്സിലാക്കാം<br>* തെറ്റും ശരിയും ചാർട്ടുകൾ | |
| പരിസര പ്രവർത്തനങ്ങൾ പല രൂപമായി ചെയ്യുന്നതിനും ഉപകരണങ്ങൾ ഉണ്ടാക്കുന്നതിനും സാധിക്കുന്നു | * പോസ്റ്ററുകൾ<br>* മാതൃകാക്ലാസ്സുകൾ<br>* പോസ്റ്റർ നിർമ്മാണമത്സരം<br>* മോഡൽസ് നിർമ്മാണം<br>* സയൻസ് ക്വിസ്<br>* ശാസ്ത്ര ക്യാമ്പുകൾ<br>* അഭിമുഖം<br>* ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ<br>* ശാസ്ത്രോത്സവം<br>* സയൻസ് ഡേ<br>* ഫീൽഡ് ട്രിപ്പ് | |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക | * ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു<br>* ക്യാമ്പ്<br>* മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാകുന്നു<br>* പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു<br>* പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുന്നു<br>* പരീക്ഷണ സാമഗ്രികൾ വികസിപ്പിക്കുന്നു. | |

മേഖല : അക്കാദമികം

ഉപമേഖല : അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്ത് രീതി എന്നിവ മനസ്സിലാക്കി തെറ്റ് കൂടാതെ എഴുതാനും വായിക്കുവാനുമുള്ള കഴിവുണ്ടാക്കുന്നു | അക്ഷര കാർഡുകൾ നൽകുന്നു. അക്ഷരങ്ങൾക്ക് നിറം നൽകുന്നു. ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു. അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു. കൂടി അക്ഷരങ്ങൾ Identify ചെയ്യുന്നുണ്ടോ എന്നറിയാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. ക്ലാസ് വായന, ചിത്രരചന, കഥാവായന, വായനാ മത്സരങ്ങൾ, വാക്യങ്ങൾ ഉറപ്പിക്കൽ, വ്യാകരണങ്ങൾ, തർജമ. | ജൂൺ ജൂലൈ<br>ജൂൺ ജൂലൈ മാർച്ച് |
| പദസമ്പത്ത് വർധിപ്പിക്കൽ | അക്ഷരകാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കൽ പരിശീലിപ്പിക്കുന്നു. പാഠഭാഗങ്ങളിലുള്ള പദങ്ങൾക്ക് പുറമെ പുതിയ പദങ്ങൾ കണ്ടെത്താൻ നൽകുന്നു. പദനിർമ്മാണ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | ആഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |

| | | |
|---|---|---|
| ചിത്രങ്ങളുടെ സഹായത്തോടെ ലഘു വിവരണങ്ങൾ തയ്യാറാക്കുന്നു. | സചിത്ര നോട്ടുകൾ ചിത്രവായന ചിത്രങ്ങളുടെ സഹായത്തോടെ ലഘു വിവരണങ്ങൾ തയ്യാറാക്കുകയും വായിക്കുകയും ചെയ്യുന്നു. | ജൂൺ ആഗസ്റ്റ് |
| ഉപചാരവാക്കുകൾ മനസ്സിലാക്കുന്നു. അവ ഉൾപ്പെടുത്തി സംഭാഷണങ്ങൾ പൂർത്തിയാക്കുന്നു. | പാഠപുസ്തകങ്ങളിലെ ഉപചാര വാക്കുകൾ നിറഞ്ഞ ക്ലാസിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു. ഉപചാര വാക്കുകൾ ഉപയോഗപ്പെടുത്തി കുട്ടികൾ സംഭാഷണങ്ങൾ റോൾപ്ലേ രൂപത്തിൽ അവതരിപ്പിക്കുന്നു. ഉപചാര വാക്കുകളുടെ കാർഡുകൾ നൽകി അവ ക്രമപ്പെടുത്താൻ ആവശ്യപ്പെടുന്നു. | |
| കവിത ആസ്വദിക്കുന്നതിനും രചിക്കുന്നതിനുമുള്ള കഴിവ് നേടുക. | ചെറിയ കവിതകൾ, കഥകൾ [illegible]ന്നിവ വായിക്കുന്നതിനും കാണുന്നതിനുമുള്ള അവസരം ഒരുക്കുന്നു. സ്വതന്ത്ര രചനയ്ക്ക് അവസരം നൽകുന്നു. ആവശ്യമായ പദങ്ങൾ നൽകി സഹായിക്കുന്നു. | ജനുവരി മാർച്ച് |
| വിവിധ ചിത്രങ്ങൾക്ക് അടിക്കുറിപ്പുകൾ തയ്യാറാക്കുന്നു. | ചിത്രങ്ങൾക്ക് യോജിച്ച രീതിയിലുള്ള കാർഡുകളും പദങ്ങളും ചേർത്ത് അടിക്കുറിപ്പുകൾ തയ്യാറാക്കുന്നു. | ഡിസംബർ ജനുവരി |

# കലാ കായിക പ്രവൃത്തി പരിചയം

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| * കുട്ടികളിലെ സർഗവാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക. | * ക്ലാസ് തല ബാലസഭകൾ<br>* സ്കൂൾ തല ബാലസഭകൾ<br>* മികച്ചത് CPTA യിൽ അവതരിപ്പിക്കൽ | വെള്ളി 3.30 - 4.00<br>മാസത്തിൽ അവസാനത്തെ വെള്ളി 3.00-4.00 |
| * ആരോഗ്യ കായിക വിദ്യാഭ്യാസം | * എയ്റോബിക്സ് എക്സർസൈസ്<br>* കളികളിൽ ഏർപ്പെടൽ | മാസത്തിൽ ഒരിക്കൽ<br>- വ്യാഴം പിരിയഡ് അനുസരിച്ച് |
| * കര കൗശല പരിശീലനം | * ഒറിഗാമി<br>* പേപ്പർ ബാഗ് നിർമ്മാണം<br>* പതാക നിർമ്മാണം<br>* പാവ നിർമ്മാണം<br>* പാഴ് വസ്തുക്കൾ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ ഉണ്ടാക്കൽ | ബുധനാഴ്ചകളിൽ |
| * വിവര സാങ്കേതിക വിദ്യയിൽ കുട്ടികളേയും അധ്യാപകരേയും രക്ഷിതാക്കളേയും ശാക്തീകരിക്കുക | * കളിപ്പെട്ടി ക്ലാസ് തല പരിശീലനം<br>* ഡിജിറ്റൽ പോർട്ട് ഫോളിയോ<br>* പാഠഭാഗവുമായി ബന്ധപ്പെടുത്തി ICT സാധ്യതകൾ കണ്ടെത്തൽ<br>* രക്ഷിതാക്കൾക്ക് പരിശീലനം | പഠനപ്രവർത്തനം<br>CPTA യോട് അനുബന്ധിച്ച് ക്ലാസ് |

| | | |
|---|---|---|
| * പഠനോപകരണങ്ങൾ നിർമ്മിക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പിന്തുണ ഉറപ്പാക്കുക. | * രക്ഷാകർത്താക്കളുമായി പഠനോപകരണ ശില്പശാല<br>* ICT സാധ്യതകൾ പരിചയപ്പെടുത്തി പ്രത്യേക പരിശീലനങ്ങൾ നിരന്തരം ചെയ്യൽ | ഓരോ മാസത്തിലും CPTA യോടൊപ്പം |
| * കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിന് | * കായിക പരിശീലനം<br>* കരാട്ടേ ക്ലാസുകൾ | * കരാട്ടെ മാസ്റ്റർ പ്ലാനാഴ്ചകളിലും |
| * സർഗാത്മകശേഷി വർദ്ധിപ്പിക്കൽ | * നാടൻ കളികൾ<br>* ഡാൻസ് ക്ലാസുകൾ<br>* പാട്ട് ക്ലാസുകൾ | പ്ലാനാഴ്ചകളിലും |
| * ദിനാചരണം | * ദിനാചരണവുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കൽ | ദിനാചരണവുമായി ബന്ധപ്പെട്ട് |
| * വിഷരഹിത പച്ചക്കറികൃഷി വീട്ടിലും വിദ്യാലയത്തിലും | * ജൈവകൃഷിയിടം വിത്ത് വട്ടം ശേഖരിക്കൽ<br>* ഹരിത പരിസരം ഒരുക്കൽ<br>* പൂന്തോട്ടം<br>* ശലഭോദ്യാനം<br>* ഔഷധോദ്യാനം | കാർഷിക ക്ലബ്ബ് |

| | | |
|---|---|---|
| ക്ലാസ് മുറിയിൽ രൂപപ്പെട്ട ആവിഷ്കാര പ്രകടിത രൂപങ്ങളുടെ അവതരണ വേദി | * രചനകളുടെ അവതരണം<br>* രചനകൾ പ്രദർശിപ്പിക്കുന്നതിനായി സംവിധാനം ഒരുക്കൽ<br>* കുട്ടികളുടെ സർഗ്ഗാത്മക സൃഷ്ടികൾ പ്രദർശിപ്പിക്കൽ അഭിനന്ദിക്കൽ<br>* പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലേക്ക് ക്ഷണിക്കൽ | * മാസിക തയ്യാറാക്കൽ<br>* വായനാദിനവുമായി ബന്ധപ്പെട്ട് |
| കായികപരിശീലനം | * കുട്ടികൾക്ക് കായിക പരിശീലനം നൽകൽ | പിരിയഡ് അനുസരിച്ച് |